# തൂലികത്തുമ്പുകൾ




**സെന്റ്. ലിറ്റിൽ തെരേസാസ് ഹൈസ്കൂൾ**

**വാഴക്കുളം**

# എഡിറ്റോറിയൽ ബോർഡ്



തൂലികത്തുമ്പുകൾ എന്ന ഈ
മാഗസിന്റെ ആമുഖചിത്രവും മറ്റ്
ഡിസൈനുകളും വരച്ച ലിറ്റിൽ
കൈറ്റ്സ് അംഗം
ജോസുകുട്ടി ക്രിസ് 8C

## ചീഫ് എഡിറ്റർ:

ടിനു കുമാർ

## എഡിറ്റർ

ജോയൽ ജോൺ 10 B

## എഡിറ്റോറിയൽ അംഗങ്ങൾ

നോയൽ ജോൺ
അലൻ നിയാസ്
ലക്ഷ്മി ബിജു

## ചിത്രം

അൽഫോൻസ് ജോൺ ജസ്റ്റിൻ
ആൽഡ്രിൻ പ്രദീപ്
റോസ്ന റോയ്

# ST. LITTLE TERESA'S HIGH SCHOOL,VAZHAKULAM







**OUR VISION**

**The holistic development of the young through the pursuit of excellence in moral, intellectual, social and spiritual aspects which will lead to the formation of a mature and blessed generation dedicated to the welfare of the family, the nation and the society at large.**

**OUR MISSION**

**To empower the students to realize their potentials, achieve academic excellence, develop interpersonal skills and be relentless in the search for truth and wisdom.**

**To train them to be upright and fearless in character and to flourish in love of God and fellow human beings.**

**To help them to respect life and become messengers of peace.**



# ആമുഖം


**1.സ്കൂൾ സൗകര്യങ്ങൾ ..............................................7**

**2. ലിറ്റിൽ കൈറ്റസ് പ്രവർത്തനം..................................8**

**3.Love this world...................................................10**

**4. നശിപ്പിക്കാൻ എന്തെളുപ്പം (കഥ)............................11**

**5.ഉപന്യാസം (പ്രകൃതി സംരക്ഷണം) ........................ 12**

**6.ആരാണ് സ്വാർത്ഥൻ .............................................13**

**7.അമ്മ.......................................................................14**

**8.Peace of mind.....................................................16**

**9. Journey is long...................................................18**

**10. The human fox.................................................19**

**11. തീരത്തെ കാവൽക്കാരൻ....................................20**

**12. ചങ്ങാതി...............................................................21**

**13. നെൽ കൃഷി .......................................................22**

**14. മഴ.......................................................................23**

**15. The moon..........................................................23**

**16. പഴഞ്ചൊല്ലിൽ പതിരില്ല.......................................24**

**17. നിക്കോള ടെസ്ല...................................................25**

**18. കുട്ടികളുടെ ഭവനസന്ദർശനം................................26**

**19. സഹായ സന്ദർശനങ്ങൾ.......................................27**

**20. ജീവകാരുണ്യ പ്രവർത്തനങ്ങൾ...........................28**

**21. Little kites , club activities.............................28**

**22. Scout & guide....................................................29**

**23. ദിനാചരണങ്ങൾ..................................................29**

**24. നന്ദി......................................................................30**




പ്രിയരേ,

നമ്മുടെ വിദ്യാലയത്തിലെ ഈ വർഷത്തെ സ്കൂൾ മാഗസിനായ **'തൂലികാത്തുമ്പുകൾ'** പുറത്തിറങ്ങുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾക്കും ചിന്തകൾക്കും ഭാവനകൾക്കും ഒരു വേദിയൊരുക്കുക എന്നതാണ് ഈ മാഗസിനിലൂടെ ലക്ഷ്യമിടുന്നത്. അറിവിനോടൊപ്പം തന്നെ കലയും സാഹിത്യവും ജീവിതത്തിൽ വലിയ പ്രാധാന്യമുള്ളവയാണ്. ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികളെയും അധ്യാപകരെയും ഞാൻ അഭിനന്ദിക്കുന്നു. 'തൂലികത്തുമ്പുകൾ' വായനക്കാർക്ക് മികച്ചൊരു അനുഭവം നൽകട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാവർക്കും എന്റെ സ്നേഹപൂർവ്വമായ ആശംസകൾ.

സ്നേഹത്തോടെ,

ഹെഡ്മിസ്ട്രസ്





**SR. MERIN CMC**

അക്ഷരങ്ങളെ സ്നേഹിക്കുന്ന പ്രിയപ്പെട്ട കുട്ടികൾക്ക്,

സർഗ്ഗാത്മകതയുടെയും ഭാവനയുടെയും മനോഹരമായ ഒരു ലോകമാണ് 'തൂലികത്തുമ്പുകൾ' എന്ന ഈ ഡിജിറ്റൽ മാഗസിൻ തുറന്നുതരുന്നത്. ക്ലാസ് മുറികളിലെ പാഠപുസ്തകങ്ങൾക്കപ്പുറം, ചുറ്റുമുള്ള ലോകത്തെ നിരീക്ഷണബുദ്ധിയോടെ കാണാനും അവയെ കവിതയായും കഥയായും ലേഖനമായും മാറ്റാനുമുള്ള നിങ്ങളുടെ പരിശ്രമം ശ്ലാഘനീയമാണ്.
മഴയെയും പ്രകൃതിയെയും കുറിച്ചുള്ള നിങ്ങളുടെ വരികൾ, കേരളത്തിലെ പുഴകളെയും കാർഷിക സംസ്കാരത്തെയും കുറിച്ചുള്ള അറിവുകൾ, സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും മൂല്യങ്ങൾ പകർന്നുനൽകുന്ന കുറിപ്പുകൾ എന്നിവയെല്ലാം ഈ മാഗസിനെ സമ്പന്നമാക്കുന്നു. ഒരൊറ്റ സ്റ്റാർഫിഷിനെയെങ്കിലും കടലിലേക്ക് തിരികെ വിടുന്ന പെൺകുട്ടിയെപ്പോലെ, ചെറിയ കാര്യങ്ങളിലൂടെ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ.
ഈ ലോകത്തെ ഇനിയും സ്നേഹിക്കാനും, ഇരുട്ടിനെ കീറിമുറിക്കുന്ന ചന്ദ്രനെപ്പോലെ അറിവിന്റെ വെളിച്ചം പടർത്താനും നിങ്ങളുടെ തൂലികത്തുമ്പുകൾക്ക് ശക്തിയുണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥി പ്രതിഭകൾക്കും എന്റെ സ്നേഹാശംസകൾ.
എന്ന്,
ലിറ്റിൽ കൈറ്റ് മെന്റർ



TINU KUMAR

## സ്കൂൾ സൗകര്യങ്ങൾ

PLAY GROUND | COMPUTER LAB | LIBRARY | AUDITORIUM




FIRE SAFTY | CCTV CAMERA | HM -ROOM | SCHOOL BUS

## സ്കൂൾ സൗകര്യങ്ങൾ

PARK &BADMINTON | MULTIMEDIA ROOM | ASSEMBLY AREA | OPEN STAGE



SCIENCE LAB | STAFFROOM | KITCHEN



STAFF



PTA MEMBERS



CLASS REPRESENTATIVES



LITTLE KITES



SPC



JRC



SCOUT &GUIDE

## മികച്ച സ്കൂളുകളെ കണ്ടെത്തുന്നതിന് കൈറ്റ് വിസിറ്റേഴ്സ് ചാനൽ നടത്തുന്ന ഹരിത വിദ്യാലയം സീസൺ -4 ലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയം

*nice day*

















**Still in Love with this World**

In the dark, I closed my eyes
listening to my heart yelling
I turned around and returned to this world
In the ruins, I opened my eyes,
feeling the hot waves and fire
Between life and death
Even when it all is not what it was
I'm still deeply in love with this world
There's a guiding light
Through the raging flames
When I could only remember a strange and
blurred sky
I'm still deeply in love with this world
Your light illuminates me
So, I won't flinch for a second
Conquer the raging flames.
All along, ……

L O V E

T H I S

W O R L D



# നശിപ്പിക്കാൻ എന്തെളുപ്പം (കഥ)


പണ്ട് ഗോപാലൻ എന്നൊരു കച്ചവടക്കാരനും രാമു എന്നൊരു മകനുമുണ്ടായിരുന്നു. ഗോപാലൻ മകന്റെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റിക്കൊടുക്കുമായിരുന്നു. പക്ഷേ അത് രാമുവിനെ ചീത്തപ്പയ്യനാക്കിത്തീർത്തു. അവൻ അച്ഛൻ സമ്പാദിച്ച പണമെല്ലാം ധൂർത്തടിച്ചുകൊണ്ടിരുന്നു. "മകനേ, നീ പോയി പണിയെടുത്തു സമ്പാദിച്ചു കൊണ്ടുവരണം, എന്നാലേ ഞാൻ എന്റെ സ്വത്തെല്ലാം നിനക്ക് തരികയുള്ളൂ" എന്ന് അച്ഛൻ പറഞ്ഞു. മകൻ കഷ്ടപ്പെട്ട് കൂലിപ്പണി ചെയ്ത് ദിവസവും ഒരു രൂപ വീതം അച്ഛന്റെ കൈവശം കൊടുത്തു. പക്ഷേ അച്ഛൻ ആ നാണയമെല്ലാം കിണറ്റിലെറിഞ്ഞു. "ഞാൻ വണ്ടി വലിച്ചും ചാക്കുകൾ ചുമന്നും കൊണ്ടുവരുന്ന പണം അച്ഛൻ ഇങ്ങനെ നശിപ്പിക്കുകയാണെങ്കിൽ പിന്നെ ഞാൻ സമ്പാദിക്കുന്നത് എന്തിനാണ്?" എന്ന് രാമു ചോദിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു, "മകനേ, നീ അധ്വാനിച്ച് പണമുണ്ടാക്കിയപ്പോൾ നിനക്ക് പണത്തിന്റെ വില മനസ്സിലായി. ഞാൻ കഷ്ടപ്പെട്ടുണ്ടാക്കിയ പണം നീ ധൂർത്തടിച്ചപ്പോൾ നിനക്കത് മനസ്സിലായിരുന്നില്ല. നശിപ്പിക്കാൻ എളുപ്പമാണ്; ഉണ്ടാക്കാനാണ് ബുദ്ധിമുട്ട്". മകൻ അച്ഛന്റെ ഉപദേശം ശരിവെച്ചു. അച്ഛൻ തന്റെ സ്വത്തുക്കളും കച്ചവടവും മകന് സ്വന്തമായി നൽകി

## ഉപന്യാസം (പ്രകൃതി സംരക്ഷണം)

സ്വാഭാവികമായി നിലനിൽക്കുന്ന പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ചെയ്യുന്ന പ്രവർത്തികളെയാണ് പ്രകൃതി സംരക്ഷണം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. പ്രകൃതി നമ്മുടെ അമ്മയാണ്. ജലവും ജീവജാലങ്ങളും മരങ്ങളും പൂക്കളുമുള്ള സുന്ദരമായ പ്രകൃതിയെ മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യരുടെ അശ്രദ്ധമായ പ്രവർത്തനങ്ങൾ, പ്രകൃതിവിഭവങ്ങളുടെ അമിത ഉപയോഗം, ജനസംഖ്യാവർദ്ധനവ്, നഗരവൽക്കരണത്തിന്റെ പേരിൽ മനുഷ്യൻ കാട്ടിക്കൂട്ടുന്ന പലതരം മലിനീകരണ പ്രവർത്തനങ്ങൾ നശിപ്പിച്ചും വന്യമൃഗങ്ങളെ വേട്ടയാടിയും വയലുകൾ നികത്തിയും കുന്നുകൾ ഇടിച്ചും മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു. ഇങ്ങനെ ഭൂമിയുടെ സന്തുലിതാവസ്ഥ താളം തെറ്റുമ്പോൾ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്നു. ഇതിൽ നിന്നും മോചനം ഉണ്ടാവണമെങ്കിൽ നാം പ്രകൃതിയെ സംരക്ഷിച്ച് മതിയാകൂ. നമ്മുടെ ജീവിതശൈലിയിൽ ഒരു മാറ്റം എങ്കിലും നാം വരുത്തി പിടിപ്പിക്കണം. നമ്മുടെ പരിസ്ഥിതിയും പ്രകൃതിവിഭവങ്ങളും വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണെന്ന് നാം മനസ്സിലാക്കണം. വരു നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം.
നന്ദി.

## ആരാണ് സ്വാർത്ഥൻ...

മനുഷ്യരക്തം കുടിക്കണമെന്ന ആഗ്രഹത്തോടെ നടക്കുന്ന കൊതുക് സ്വാർത്ഥനാണ്. മനുഷ്യരുടെ മേൽ ചാടിവീഴാൻ കാത്തിരിക്കുന്ന തെരുവുനായ്ക്കൾ സ്വാർത്ഥനാണ്. പാവപ്പെട്ട കർഷകരുടെ കൃഷിയിടങ്ങൾ നശിപ്പിക്കാൻ നോക്കി പാർത്തിരിക്കുന്ന കാട്ടാന സ്വാർത്ഥനാണ്. എന്നാൽ, ഈ പ്രപഞ്ചത്തിലുള്ള സർവ്വ ജീവജാലങ്ങളും തന്റേതാണ് എന്ന ചിന്തയിലൂടെ നടക്കുന്ന മനുഷ്യൻ അപ്പോൾ അവരേക്കാൾ എത്രയോ മടങ്ങ് സ്വാർത്ഥനായിരിക്കും. തന്റെ ജീവിതസുഖത്തിനുവേണ്ടി എന്തു ചെയ്യാനും മടിയില്ലാത്ത മനുഷ്യരുടെ കാലത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. പണമാണ് എല്ലാം എന്ന ചിന്തയിലൂടെ നടക്കുന്ന ഒരു മാനസികരോഗിയായി മനുഷ്യൻ മാറുന്നു. ഈ ഒരു ചിന്തയിലാണ് അവൻ തന്റെ അമ്മയായ ഭൂമിയെയും അതിലെ ജീവജാലങ്ങളെയും നശിപ്പിക്കാൻ തുനിഞ്ഞിറങ്ങുന്നത്. സ്വാർത്ഥരായ മനുഷ്യരെക്കാൾ എത്രയോ മടങ്ങ് നല്ലവരാണ് വനത്തിലെ മൃഗങ്ങൾ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മളാണ് വളർന്നു വരുന്ന തലമുറ. നമ്മുടെ സമീപത്തിലുള്ള ഈ മഹാവിപത്തിനെ നാം ആണ് മുറിക്കേണ്ടത് എന്ന് നമ്മൾ തിരിച്ചറിയണം. ഈ ഭൂമിയെ എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയാണ് ദൈവം സൃഷ്ടിച്ചത്. അതിനാൽ മനുഷ്യൻ ഭൂമിയെ നശിപ്പിക്കാതിരിക്കട്ടെ...



# അമ്മ

"അമ്മയാണ് എല്ലാം
എല്ലാത്തിനും ഉപരി അമ്മ
അമ്മ തൻ സ്നേഹം
അമ്മയാണ് കണ്മുന്നിൽ കാണു ദൈവം
എല്ലാം ചെയ്തു തരുന്നതും
സ്നേഹിക്കുന്നതും അമ്മയാണ്.
തെറ്റുകൾ തിരുത്തി നേർ വഴിക്ക്
നടത്തുന്നത് അമ്മയാണ്.
സ്നേഹിക്കുന്നതും ശാസിക്കുന്നതും
കൊഞ്ചിക്കുന്നതും അമ്മയാണ്
ദൈവത്തിന് എന്തെല്ലാം നന്മ ഉണ്ടോ...
അതെല്ലാം ഈ മണ്ണിൽ അമ്മയ്ക്ക് മാത്രം
വലിയ വലിയ തെറ്റുകൾ ചേർത്ത്
നേർവഴിക്ക് കൊണ്ടുവരുന്നത്
അമ്മയാണ്
സ്നേഹിക്കാൻ മാത്രം അറിയാവുന്ന
അമ്മ.
എന്ത് ആഗ്രഹിക്കുന്നുവോ അതെല്ലാം
വാങ്ങി തരുന്നത് അമ്മ
ആദ്യാക്ഷരം പഠിപ്പിച്ചു തരുന്നത് അമ്മ
അമ്മയേക്കാൾ വലിയ ഒരു ഗുരു
വേറെയുമില്ല"






ലിറ്റിൽ കൈറ്റ്സ്  കട്ടികൾ ഡിജിറ്റൽ പോസ്റ്റർ രചന മത്സരങ്ങൾക്ക് വരച്ച ചിത്രങ്ങൾ



# PeAce of Mind

Lighten shadow of the mirror
Showing me the unpleasant memories
Having the courage to make mistake.
But mistake is always a mistake.
Throwing out the thoughts in minds
Just like a wind,
Letters are the basic of education
Peace is the basic of our life
Believe in yourself have the
peace in your mind.



ഒരിക്കൽ ഒരുകാട്ടിൽ ഒരുപുലിയും സിംഹവും ജീവിച്ചിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. ഒരു ദിവസം അവർ കൂട്ടായി വേട്ടയാടാൻ പുറപ്പെട്ടു. കുറച്ചുദൂരം ചെന്നപ്പോൾ അവർ ഒരു മാനിനെ കണ്ടെത്തി. രണ്ടുപേരും അതിനെ ഓടിച്ചു പിടിച്ചു കഴുത്തറുത്തു കൊന്നു. സിംഹം പറഞ്ഞു: "ഞാനാണല്ലോ കാട്ടിലെ രാജാവ് അതുകൊണ്ട് ഞാൻ തിന്നുകഴിഞ്ഞ് ബാക്കി നീ തിന്നാൽ മതി." "അതു പറ്റില്ല നമ്മൾ രണ്ടുപേരും കൂടി പിടിച്ചതാണ്. അതിനാൽ നമുക്ക് രണ്ടുപേർക്കും ഒപ്പം കഴിക്കണം." പുലി പറഞ്ഞു. പുലി അങ്ങനെ പറഞ്ഞത് കേട്ട് സിംഹത്തിന് ദേഷ്യം വന്നു. അവൻ പുലിയെ ആക്രമിക്കാൻ തുടങ്ങി. പുലിയും തിരിച്ചു ആക്രമിച്ചു. വളരെ നേരം അവർ തമ്മിൽ അടിയും പിടിയും ഉണ്ടായി. രണ്ടു പേരും തളർന്നു വീണു. അപ്പോൾ ആ വഴി ഒരു കഴുകൻ ഇതുകണ്ട് വന്നു. അവന് ആവശ്യമുള്ളിടത്തോളം മാംസം അവൻ ഭക്ഷിച്ചു. അതുകണ്ടപ്പോൾ തമ്മിലടിച്ചു തളർന്നു വീണിരുന്ന പുലിയും സിംഹവും വിഷമിച്ചു. തമ്മിലടിച്ചാൽ ഗുണം മറ്റുള്ളവർക്കാണ് എന്ന് അവർ മനസ്സിലാക്കി. കുറച്ചും വിട്ടുവീഴ്ചയും സൗഹൃദബന്ധത്തിൽ അത്യന്താപേക്ഷിതമാണ്.

**My Missing Shoe**

**I looked for you by the front door,**
**Under my bed, on the bathroom floor,**
**Near the back stairs, in the drawer with my socks,**
**Next to the table, and out in the sandbox.**
**My mother is calling me, and I'm calling you,**
**Where have you gone? My missing shoe?**



# Journey is Long

**As long as I'm present in this world**
**I shall be living in my dreams**
**Time will pass away gently**
**taking a few moments along with it**
**My lies and my thoughts are present**
**in all moments of my life**
**The reflection of all actions I have**
**done is now on its way back to me.**
**I'm alone at the darkness of memory**
**I walked through the regretfull past**
**of my life. I sensed the evil thoughts**
**around me in every seconds like a**
**dream. Journey is long I don't know**
**where to start..... Save me....**



# The Human Fox

Once up on a time a fox was sitting with his family. He was sitting with his wife and two childrens. The story says how animals are good and kind more than human.
The family of fox was living happily. That's when the two childrens of the fox were playing one of them suddently traped in a cage. They was way too far away from were they stay with there parent foxes. So the parent foxes wasn't able to hear them crying for help. The fox that had trapped in the cage had been crying and crying for a long time so the baby fox that is in the cage had gone unconscious. And the other baby fox didn't know what to do. That's when an idea came to his mind to dig under the cage and get his brother out of the trap. But the space he diged was too small to get two of them out at the same time. The baby fox was to little to think an another idea. And also he was so tired so it fell asleep inside the cage. That's when a man came that way and saw that the baby foxes are traped.

and it had tried to get out. Then the man noticed that the foxes are sleeping. Even though the man can kill them or take them home to sell or do anything it was illegal there to kidnap or hurt animals. Also he was a kind hearted man. So he took some time to think what to do and thought of just releasing them. Suddenly he thought that they could attack him thinking that he is the kidnapper. So he is looking for an another idea to release them. That's when he got an idea to release them but also he was curious to know where they live? what they do? and all. So he ran to a shop were he can get animal costumes which exactly looks really like real animal. So he bought the fox costume and he fit perfectly in it because he was a short man. So when he put on the costume it really looks like a baby fox like the real baby foxes. And he ran back to see if the foxes are still there luckily they was still there one of them still unconscious and the other sleeping. He opened the cage and made the baby foxes awake and at first the baby foxes was confused who it is and t could be his fathers friend.

Then the baby foxes became to go home and the man followed them. So he can see were they live. The foxes also took him home. Then they reached were they stay. The mother fox came to the baby foxes and cared so much in love and anger because they were missing and came home too late then the mother fox noticed the man. He was really scared that the mother fox would attack him or do something to him. But it was wrong the mother fox thought that it is the baby foxes friend. They were a family of fox that don't eat any animals or humans so they eat fresh fruits. They also gave fruits to the man happily. He was in tears because of the caring of the mother fox. Even though he wasn't her child she cared him so much. The man ate the fruits hungrily because he acting like the baby foxes. It was exotic and delicious. The day got darker and darker finally its night. He thought of going back to his home but when he about to return home one of the baby foxes came with him so he had to stay with them he stayed there and when the sun raised he sneaked from them while they was sleeping he gone back to his home town. Still he was so touched by the mother foxes act to him. He didn't want to leave them but he have to anyway.
He removed the costume and mask kept in his head. Suddenly a fox came in front of him to attack thinking he came to hunt. He tried to run but the fox jumped on him and started scratching him at that time the baby foxes and mother fox came there and the fox that was attacking him looked at them. Suddenly the man put down the fox mask from head to face. And when the fox looked at him he was a fox faced man so the fox moved away from him. Suddenly the baby foxes came near the man and cuddled him. Even though he was not wearing the fox costume they found him by his smell. It was so impressive for him. The fox that attacked the man was the father of the baby foxes that he rescued. The father fox looked confused and asked the mother fox. The mother fox told him the man was the one who rescued the baby foxes. The father fox was in shock. Then the fox said sorry to the man by giving him so much fruits. From the wild that humans can eat. The fox family was so happy and also the man was happy too because he never experienced a moment like this in his whole life. The man was actually homeless and bought the fox costume with his last few money to make himself happy. If the fox didn't help him by giving lots of fruits he would die by starving. That is what the moral says.
**Moral: 'Be kind to everyone'. If you help anyone when they want. Someone will also help you when you want.**

# തീരത്തെ കാവൽക്കാരൻ

കടൽത്തീരത്തെ ആ പഴയ തറവാട്ടിലായിരുന്നു ബാലുവിന്റെ താമസം. എല്ലാ വൈകുന്നേരവും അവൻ കടപ്പുറത്ത് പോകും. വലിയ തിരമാലകളെ നോക്കി ഇരിക്കുക അവന് വലിയ ഇഷ്ടമായിരുന്നു. അവനോടൊപ്പം എപ്പോഴും അവന്റെ പ്രിയപ്പെട്ട നായ 'ഷാഡോ' ഉണ്ടാകാറുണ്ട്.

ഒരു ദിവസം സന്ധ്യാനേരം, കടൽ അസാധാരണമാംവിധം ശാന്തമായിരുന്നു. ബാലു തന്റെ കയ്യിലുണ്ടായിരുന്ന ചെറിയൊരു പന്ത് തിരമാലകളിലേക്ക് എറിഞ്ഞു കൊടുത്തു. ഷാഡോ ഓടിച്ചെന്ന് അത് കടിച്ചെടുത്തു കൊണ്ടുവരും. ഇതായിരുന്നു അവരുടെ കളി. എന്നാൽ പെട്ടെന്നുണ്ടായ ഒരു വലിയ തിരയിൽ ബാലുവിന്റെ പന്ത് ദൂരേക്ക് ഒഴുകിപ്പോയി. അത് കിട്ടാനായി ഷാഡോ കടലിലേക്ക് കുതിച്ചു.

മിനിറ്റുകൾ കഴിഞ്ഞു. ഇരുട്ടു പടരാൻ തുടങ്ങി. ഷാഡോ തിരികെ വരുന്നില്ല. ബാലു പരിഭ്രാന്തനായി ഉറക്കെ വിളിച്ചു: "ഷാഡോ... ഷാഡോ...!" പക്ഷേ തിരമാലകളുടെ ഇരമ്പലല്ലാതെ ഒന്നും കേട്ടില്ല. രാത്രി മുഴുവൻ ബാലു തീരത്ത് കാത്തിരുന്നു. അവന്റെ കണ്ണുകൾ നിറഞ്ഞു. കടൽ തന്റെ കൂട്ടുകാരനെ കൊണ്ടുപോയെന്ന് അവൻ ഉറപ്പിച്ചു.

അടുത്ത ദിവസം പുലർച്ചെ, സൂര്യോദയത്തിന്റെ വെളിച്ചത്തിൽ ബാലു കടൽത്തീരത്തുകൂടി നടന്നു. ദൂരെ ഒരു മണൽത്തിട്ടയിൽ എന്തോ ഒന്ന് അനങ്ങുന്നത് അവൻ കണ്ടു. അവൻ അങ്ങോട്ട് ഓടി. അതൊരു അത്ഭുതമായിരുന്നു!

നനഞ്ഞു കുതിർന്ന ശരീരവുമായി, പക്ഷേ വാലാട്ടിക്കൊണ്ട് ഷാഡോ അവിടെ ഇരിക്കുന്നു. അവന്റെ വായയിൽ ബാലുവിന്റെ ആ ചെറിയ പന്തുമുണ്ടായിരുന്നു. കടൽ എടുത്തത് തിരികെ തരുമെന്നും, സ്നേഹമുള്ളവർ ഒരിക്കലും അകന്നു പോകില്ലെന്നും ബാലു അന്ന് മനസ്സിലാക്കി. അവൻ ഷാഡോയെ കെട്ടിപ്പിടിച്ചു, കടലിന്റെ ഇരമ്പൽ അപ്പോൾ ഒരു മനോഹര സംഗീതം പോലെ അവർക്ക് തോന്നി.



# ചങ്ങാതി

കണ്ണുനീരിൽ കാവലായൊരെൻ ചങ്ങാതി
സന്തോഷത്തിൽ സന്തതസഹചാരിയെൻ ചങ്ങാതി
കലർപ്പില്ലാ സ്നേഹത്തിൻ നിറകുടമെൻ ചങ്ങാതി
തളരുമ്പോൾ താങ്ങായു താഴ്വേരാണെൻ ചങ്ങാതി
പിണങ്ങിയാൽ പൊടുന്നനെ ഇണങ്ങുമെൻ ചങ്ങാതി
കുസൃതിയും കുസൃതിയും കാട്ടി ചൊടിപ്പിക്കുമെൻ ചങ്ങാതി
കയ്യിട്ടു വാരിയൊരു ചോറിൽ സാഹോദര്യത്തിൻ
നിറം കലർത്തിയെൻ ചങ്ങാതി
കാറ്റുകളിൽ കള്ളുകളി കളിച്ചുല്ലസിക്കുമെൻ ചങ്ങാതി
മൂല്യനിർണ്ണയ പത്രിക കാണുമ്പോൾ
മുഖം ചുളുക്കുമെൻ ചങ്ങാതി
എങ്കിലും നിഷ്കളങ്കമാം സ്നേഹത്തിൻ
പളുങ്കുപാത്രമാണെൻ ചങ്ങാതി
സഹായക ഹസ്തത്തിന് മാതൃകയാണെൻ
പ്രിയ ചങ്ങാതി....



# നെൽകൃഷി (Paddy Cultivation)

കേരളീയരുടെ പ്രധാന ആഹാരം നെല്ലരിയാണല്ലോ. അതിനാൽ നെൽകൃഷിക്ക് പ്രത്യേക പ്രാധാന്യമുണ്ട്. കുട്ടനാട്ടിലും പാലക്കാട്ടുമാണ് ഏറ്റവും കൂടുതൽ നെൽകൃഷിയുള്ളത്. കേരളത്തിന്റെ നെല്ലറകൾ എന്നാണ് ഈ സ്ഥലങ്ങളെ വിളിക്കുന്നത്. എന്നാൽ നെൽകൃഷി ഇല്ലാത്തതായി നമ്മുക്കീ രാജ്യത്ത് ഒരു ഭാഗവും ഇല്ലെന്നു തന്നെ പറയാം. ചേറും ചെളിയും നിറഞ്ഞ വിശാലമായ പാടങ്ങളിലും കരപ്രദേശങ്ങളിലും മലഞ്ചരിവുകളിലും നെല്ലുകൃഷി ചെയ്യുന്നു. കായലോരങ്ങളിലും ഉണ്ട് നെൽകൃഷി. നമ്മുടെ രാജ്യത്തെ മണ്ണും കാലാവസ്ഥയും നെൽകൃഷിക്ക് യോജിച്ചതാണ്. ജയ, രോഹിണി, ത്രിവേണി, അന്നപൂർണ്ണ ഐ.ആർ. 8 തുടങ്ങിയ പുതിയ ജാതി നെൽവിത്തുകളാണ് ഇപ്പോൾ കൃഷി ചെയ്തുവരുന്നത്. പഴയ വിത്തുകളെക്കാൾ പല വിധത്തിലും ഇവയ്ക്ക് മേന്മയുണ്ട്. കൂടുതൽ വിളവുണ്ടാകുന്നതിനു പുറമേ കുറച്ചു ദിവസങ്ങൾ കൊണ്ട് കൊയ്തെടുക്കാൻ തക്കവണ്ണം വിളവെടുപ്പും ചെയ്യുന്നു. ചിലയിനങ്ങൾക്ക് അത്ര പെട്ടെന്ന് രോഗങ്ങൾ ബാധിക്കാറില്ല. പട്ടാമ്പി എന്ന സ്ഥലത്തുള്ള ഗവേഷണ കേന്ദ്രത്തിൽ നിന്നും പുതിയ പുതിയ നെൽവിത്തുകൾ ഉൽപാദിപ്പിച്ചു കൊണ്ടിരിക്കുന്നു.

നിലമുഴുന്നത് മുതലുള്ള ഓരോ കാര്യത്തിലും ശാസ്ത്രീയമായ രീതികളാണ് ഇപ്പോൾ നെൽകൃഷിക്ക് സ്വീകരിച്ചിട്ടുള്ളത്. ട്രാക്റ്റർ, ട്രില്ലർ മുതലായവ കൊണ്ട് നിലമുഴുന്നു. പക്ഷേ, നിലമൊരുക്കുവാനും നടുവാനും കള പറിക്കുവാനുമൊക്കെ തൊഴിലാളികൾ തന്നെ വേണം. നടുകഴിഞ്ഞാൽ കൊയ്യുന്നതു വരെയുള്ള കാലത്ത് നെല്ലിന് പലപ്പോഴും കീടങ്ങളിൽ നിന്നും രോഗബാധയുണ്ടാകാം. പലപ്പോഴും കൃമികീടങ്ങളെ നശിപ്പിക്കുവാൻ ശക്തിയേറിയ കീടനാശിനികൾ ഉപയോഗിക്കേണ്ടി വരുന്നു.





ഞാൻ കണ്ട ഏറ്റവും വലിയ പ്രതിഭാസം, പെയ്തിറങ്ങുന്ന ഓരോ മഴത്തുള്ളിക്കും ഓരോ പ്രതീക്ഷയുണ്ട്. തന്റെ വരവും കാത്തിരിക്കുന്ന മണ്ണിനെ കെട്ടിപ്പുണരാമെന്ന്.... ഇതൊരു തരം പ്രണയമാണ്. തന്റെ വരവും കാത്തിരിക്കുന്ന പ്രിയസഖിയെ ഒരു നോക്ക് കാണാൻ ദൂരങ്ങൾ താണ്ടി മരച്ചില്ലകൾക്കിടയിലൂടെ പെയ്തിറങ്ങുന്ന ആത്മാർത്ഥമായ പ്രണയം അവർക്ക് സാക്ഷിയായി ഇലകളും, പൂക്കളും.... അവർ തമ്മിലൊന്നാകുന്നിടത്ത് കാർമേഘങ്ങൾ ഇല്ലാതാവുന്നു. ഇതാണ് പ്രണയം മണ്ണിന്റെ മണ്ണോടുള്ള യഥാർത്ഥ പ്രണയം.

## The Moon

The moon is a ball like the Sun and the earth. The Sun does not shine at night, and then we have the moon. But some night we do not see the moon at all. When it first shows itself, it is like a fine sickle. This sickle becomes larger and large every evening till it is in the form of a bow. Then the moon is seven days or a week old. The next seven days it becomes larger and larger till it is round. Then we say it is the full moon and it is fourteen days old. The next seven days the moon becomes smaller and smaller till it takes the form of a bow again. It is then three weeks old. For the next seven days the moon becomes smaller and smaller again till we do not see it at all. So the moon moves round the earth in twenty-eight days. The moon is smaller than the stars but it is nearer, so it looks bigger. The moon has no lights of its own. It shines only when the light of the Sun falls on it.



# പഴഞ്ചൊല്ലിൽ പതിരില്ല (പഴഞ്ചൊല്ലുകൾ)

"അങ്ങാടിത്തോറ്റാൽ ആലയിൽ നിൽക്കില്ല"

"സദ്യ ഒന്നാലും പട്ടിണി മാറില്ല"

"ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കഞ്ഞി കുമ്പിളിൽത്തന്നെ"

"പുത്തനാച്ചി പുരപ്പുറം തൂക്കും"

"പതിരില്ലാത്ത കതിരില്ല"

"വാളെടുത്തവൻ വാളാൽ നശിക്കും"

"മൂഴിയിലറിയാം വിള"

"കയ്ച്ചിട്ട് ഇറക്കാനും വയ്യ: മധുരിച്ചിട്ട് തുപ്പാനും വയ്യ"

"കടന്നൽക്കൂട്ടിൽ കല്ലെറിയരുത്"

"ഒന്നു പിണഞ്ഞാൽ മറ്റൊന്നിനു വളം"

"ഒഴുകുന്ന വെള്ളത്തിൽ അഴുക്കില്ല"

"ഏഴുകൂട്ടിയാൽ എട്ടു പിരിക്കും"



ജീവചരിത്രകുറിപ്പ്

## നിക്കോള ടെസ്ല

സെർബിയൻ-അമേരിക്കക്കാരനായ ഒരു ശാസ്ത്രജ്ഞനായിരുന്നു നിക്കോള ടെസ്ലമെക്കാനിക്കൽ എഞ്ചിനീയറായിരുന്ന അദ്ദേഹമാണ് ഇന്നത്തെ പ്രധാന വൈദ്യുതസമ്പ്രദായമായ പ്രത്യാവർത്തിധാരാവൈദ്യുതി (AC) വികസിപ്പിച്ചെടുത്തത്. ഇതോടെ വൈദ്യുതിയുടെ വ്യാവസായികോപയോഗത്തിന് വഴിയൊരുങ്ങി. ടെസ്‌ലയുടെ പേറ്റന്റുകളും സൈദ്ധാന്തികഗവേഷണങ്ങളുമാണ് ഇന്നത്തെ പ്രത്യാവർത്തിധാരാവൈദ്യുതോപകരണങ്ങൾക്ക് അടിസ്ഥാനം. അദ്ദേഹത്തിന്റെ എ. സി. മോട്ടോർ കണ്ടുപിടിത്തം രണ്ടാം വ്യാവസായികവിപ്ലവത്തിന് വഴിതെളിച്ചു.ഓസ്ട്രിയൻ സാമ്രാജ്യത്തിൽ ജനിച്ചുവളർന്ന ടെസ്‌ല 1870 -കളിൽ എഞ്ചിനീയറിംഗിലും ഭൗതികശാസ്ത്രത്തിലും ഉന്നതവിദ്യാഭ്യാസം നേടിയതിനുശേഷം 1880-കളുടെ ആദ്യം കോണ്ടിനെന്റൽ എഡിസണിൽ ടെലിഫോണിയിൽ ജോലിചെയ്തുകൊണ്ട് അക്കാലത്തെ നവീനമേഖലയായ വൈദ്യുതോർജ്ജവ്യവസായത്തിൽ പ്രായോഗികപരിശീലനം നേടി. 1884-ൽ ടെസ്‌ല അമേരിക്കയിലേക്ക് കുടിയേറുകയും അവിടുത്തെ പൗരനായി മാറുകയും ചെയ്തു. സ്വന്തമായ സംരംഭം തുടങ്ങുന്നതിനുമുൻപ് അദ്ദേഹം കുറച്ചുകാലം ന്യൂയോർക്കിലെ എഡിസൺ മെഷീൻ വർക്സിൽ ജോലിചെയ്തിരുന്നു. തന്റെ ആശയങ്ങളെ പിന്തുണയ്ക്കാൻ ആളും അർത്ഥവും ലഭ്യമായതോടെ ടെസ്‌ല പലതരം വൈദ്യുത-യാന്ത്രിക യന്ത്രങ്ങൾ വികസിപ്പിക്കാനായി ന്യൂയോർക്കിൽ പരീക്ഷണശാലകളും കമ്പനികളും സ്ഥാപിച്ചു. അദ്ദേഹത്തിന്റെ 1888-ൽ വെസ്റ്റിംഗ്ഹൗസ് ഇലക്ട്രിക് ലൈസൻസ് നൽകിയ പ്രത്യാവർത്തിധാരാ (AC) ഇൻഡക്ഷൻ മോട്ടോറും അനുബന്ധ പോളിഫേസ് AC പേറ്റന്റുകളും ടെസ്‌ലയ്ക്ക് ധാരാളം പണം നേടിക്കൊടുക്കുകയും ആ പേറ്റന്റുകൾ പോളിഫേസ് രീതിയുടെ മൂലക്കല്ലായിമാറുകയും തുടർന്ന് ആ കമ്പനി ആ രീതി പലതരത്തിൽ മാർക്കറ്റ് ചെയ്യുകയും ചെയ്തു.

## CLASS PTA MEETINGS



കുട്ടികളിലെ പഠനപുരോഗതി വിലയിരുത്താനും നിർദ്ദേശങ്ങൾ നൽകാനും വേണ്ടി പരീക്ഷകൾക്ക് ശേഷവും അവശ്യ സന്ദർഭങ്ങളിലും പിടിഎ മീറ്റിംങ്ങുകൾ നടത്തുന്നു



## VALUE EDUCATION CLASSES



കുട്ടികളിലെ സ്വഭാവ രൂപീകരണത്തിന് വേണ്ടി സ്കൂളിൽ സാന്മാർഗിക വിദ്യാഭ്യാസം,കൗൺസിലിംഗ് ഇവ നൽകുന്നു .

## കുട്ടികളുടെ ഭവനസന്ദർശനം



















* ജർമൻ ഭാഷ പഠനം
* സ്കേറ്റിംഗ്
* ഫുട്ബോൾ
*ഡാൻസ്
*മ്യൂസിക്
* യോഗ
* കരാട്ടെ
* കബഡി
*സൈക്കിൾ പോളോ
*COMMUNICATIVE ENGLISH
* WASTE MANAGEMENT

തുടങ്ങി ഇതര വിഷയങ്ങളിൽ പരിശീലനം നൽകുന്നു





## സഹായ - സന്ദർശനങ്ങൾ

*പഠനോപകരണ വിതരണം
*പൊതിച്ചോർ വിതരണം
*നിർദ്ധനരായ കുട്ടികളെ സഹായിക്കാൻ POOR FUND COLLECTION
*അനാഥശാല സന്ദർശനം
*ഓണം ,ക്രിസ്മസ് കിറ്റ് വിതരണം
*ഡയാലിസിസ് സെന്ററിന് ഒരു കൈത്താങ്ങ്
*ഭവന സന്ദർശനം എന്നിങ്ങനെ മാനുഷിക മൂല്യങ്ങൾ വളരാൻ ആവശ്യമായ പ്രവർത്തങ്ങൾ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്നു

https://www.facebook.com/share/p/17fVCRy5zJ/





## LITTLE KITES,IT CLUB ACTIVITIES

LK AWARD -3RD POSITION

* 3-BATCH-122 വിദ്യാർത്ഥികൾ അംഗങ്ങൾ
* സമഗ്ര  പ്ലസ് ട്രെയിനിങ്
* സ്മാർട്ട് ക്ലാസ്സ്റൂം ട്രെയിനിങ്
* ഭിന്നശേഷി കുട്ടികൾക്ക് ട്രെയിനിങ്
* റോബോർട്ടിക്സ് ക്ലാസുകൾ
* ഇലക്ട്രോണിക്സ് ക്ലാസുകൾ
* മലയാളം ടൈപ്പിംഗ് ക്ലാസുകൾ
* മൊബൈൽ ആപ്പ് നിർമാണം
* ഐ ടി മത്സരങ്ങളിലെ പങ്കാളിത്തം
* ഐ ടി സബ്ജില്ലാ , റവന്യൂജില്ലാ ,OVERALLവിജയം
* സ്റ്റേറ്റ് മത്സരങ്ങളിലെ വിജയം
* സ്കൂൾ വിക്കി പരിശീലനം ,ഡിജിറ്റൽ മാഗസിൻ
* സ്കൂളിലെ എല്ലാ ആക്ടിവിറ്റികളിലും ഉള്ള സജീവ പങ്കാളിത്തം

ഫ്രീഡം ഫെസ്റ്റ് ,അമ്മയറിയാൻ ,ഇൻസ്റ്റാളേഷൻ ഫെസ്റ്റ്,സത്യമേവ ജയതേ പോലുള്ള ഇതര പ്രവർത്തങ്ങൾ






https://www.youtube.com/watch?v=6YXgP1pUPsg



LITTLE KITES

little KITEs



https://schoolwiki.in/എസ്_എൽ_ടി_എച്ച്.എസ്സ്._വാഴക്കുളം/ലിറ്റിൽകൈറ്റ്സ്/2024-27

## SCOUT &GUIDE



32 കുട്ടികൾ ഇതിൽ അംഗങ്ങൾ ആണ്. ഇതിലെ 7 കുട്ടികൾ രാജ്യ പുരസ്‌കാർ നേടിയവർ ആണ് .
സ്കൂളിന്റെ എല്ലാവിധ പ്രവർത്തങ്ങളിലും പങ്കാളികളാകുന്നു .



## ദിനാചരണങ്ങൾ



## നന്ദി

അറിവിൻ്റെയും സർഗ്ഗാത്മകതയുടെയും
ലോകത്തേക്ക് ഞങ്ങളുടെ കുഞ്ഞു തൂലികകൾ
പടർത്തിയ അക്ഷരക്കൂട്ടാണ് 'തൂലികത്തുമ്പുകൾ'
എന്ന ഈ ഡിജിറ്റൽ മാഗസിൻ. ഏറെ
പ്രയത്നത്തോടെയും സ്നേഹത്തോടെയും
തയ്യാറാക്കിയ ഈ സമാഹാരം വായനക്കാരിലേക്ക്
എത്തുമ്പോൾ വലിയ സന്തോഷം തോന്നുന്നു.
ഈ മാഗസിൻ്റെ ഓരോ ഘട്ടത്തിലും ഞങ്ങൾക്ക്
കരുത്തും പ്രചോദനവും നൽകിയ പ്രിയപ്പെട്ട
അധ്യാപകർക്കും, തങ്ങളുടെ മനോഹരമായ
കവിതകളും കഥകളും ലേഖനങ്ങളും നൽകി ഈ
ഉദ്യമത്തിൽ പങ്കാളികളായ എൻ്റെ
സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി
രേഖപ്പെടുത്തുന്നു. ഡിജിറ്റൽ ലോകത്തിൻ്റെ
സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇത്തരമൊരു
സംരംഭം പൂർത്തിയാക്കാൻ സഹായിച്ച
എല്ലാവരോടും കടപ്പാടുണ്ട്.
വായനക്കാർക്ക് ഈ കുഞ്ഞു മാഗസിൻ ഒരു നല്ല
അനുഭവമായിരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.
തെറ്റുകുറ്റങ്ങൾ ക്ഷമിക്കണമെന്നും നിങ്ങളുടെ
പ്രോത്സാഹനം എന്നും കൂടെയുണ്ടാകണമെന്നും
അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

എഡിറ്റർ

ജോയൽ



തൂലികത്തുമ്പുകൾ - ഡിജിറ്റൽ മാഗസിൻ 2026